# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **3256**

19-06-2018 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം ഉറമുഖം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( ഉറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) വിഴിഞ്ഞം ഉറമുഖം എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; വിശദവിവരം നൽകുമോ ; | | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തി ലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. അപ്രതീ ക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കു മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തീവ്രശ്രമമാണ് നടത്തുന്നത്. |
| (ബി) ഇത് സംബന്ധിച്ച പ്രവർത്തനം സമയ ബന്ധിതമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ? | | (ബി) | വിഴിഞ്ഞം ഉറമുഖ പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു സ്വതന്ത്ര ചുമതലയുള്ള എഞ്ചിനീയറെ നിയമിക്കുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Project Implementation Committee യേയും കരാറിനെ സംബന്ധിക്കുന്ന വിഷയങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു Empowered Committee യേയും നിയമിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതുപോലെ ഉറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള പ്രൊജക്റ്റ് പൂർത്തിയായി. വൈദ്യുതി എത്തിക്കുന്നതിനുള്ള ജോലികൾ പുരോഗമി ക്കുന്നു. റെയിൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Konkan Rail Corporation (KRCL) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ